# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6885 02-11-2011-ൽ മറുപടിയ്ക്ക്

## സർക്കാർ വക പാറപുറമ്പോക്കു ഭൂമി കൈയ്യേറ്റത്തിനെതിരെ നടപടി

| ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
| --- | --- |
| (എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ വാർഡ് നമ്പർ 6-ഉം ബ്ലോക്ക് നമ്പർ 66-ഉം സർവ്വെ നമ്പർ 16-ഉം ഉൾപ്പെടെ സർക്കാർ വക പാറ പുറമ്പോക്ക് ഭൂമി കൈയേറി തുണ്ടുതുണ്ടുകളായി തിരിച്ച് വില്പന നടത്തിയ ഒരു സ്വകാര്യ വ്യക്തിക്കെതിരെ നാളിതുവരെ നടപടി സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) സർക്കാർ വക പാറപുറമ്പോക്കു ഭൂമി കൈയേറുവാനും അത് വില്പന നടത്തുവാനും ഒത്താശ ചെയ്തു നൽകിയ റവന്യു ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>(സി) സർക്കാർ വക ഭൂമി അടിയന്തിരമായി തിരിച്ചുപിടിക്കുവാനും ഭൂമി കൈയേറിവയർക്കെതിരെ ക്രിമിനലായും സിവിലായും കേസ് ചാർജ്ജ് ചെയ്യുവാനും നടപടി സ്വീകരിക്കുമോ ? | (എ), (ബി) & (സി)<br>തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ വാർഡ് നമ്പർ 6-ൽ ബ്ലോക്ക് നമ്പർ 66-ൽ റീ സർവ്വെ നമ്പർ 16-ൽ ഉൾപ്പെട്ട 6.52 ആർ വസ്തു റീ സർവ്വെ റിക്കാർഡു പ്രകാരം ' സർക്കാർ പാറ ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻസർവ്വെ 1878-ൽ പ്പെട്ട പ്രസ്തുത സ്ഥലം ' പുറമ്പോക്ക് കാട് തരിശ് ' എന്നാണ് സെറ്റിൽമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നത്. പ്രസ്തുത ഭൂമിയിൽ 9.250 സെന്റ് വസ്തു ശ്രീ. ഫസലുദ്ദീൻ എന്ന കക്ഷിക്ക് കൈവശമുണ്ട്. എൽഎ1/163/77 എൽഎ1/488/94 എൽഎ2/8/98 , എൽ.എ2/45/94,<br><br>എൽഎ1/542/83 ,<br><br>എൽ.എ2/1/84 എന്നീ പട്ടയങ്ങൾ പ്രകാരം ഭൂമി പതിച്ച് ലഭിച്ചവരിൽ നിന്നും ഫസലുദ്ദീൻ വിലയ്ക്ക് വാങ്ങിയിട്ടുള്ളതാകുന്നു. എൽ.എ1/174/77 എൽഎ2/36/94 , പട്ടയ പ്രകാരം 4.50 സെന്റ് സ്ഥലം ശ്രീ. മനോഹരൻ എന്നയാളുടെ കൈവശമുള്ളതാണ് . പ്രസ്തുത കക്ഷികൾ മുൻപ് കരം അടച്ചിരുന്നെങ്കിലും റീ സർവ്വെ പ്രകാരം തണ്ടപ്പേർ ലഭിക്കാത്തതിനാൽ നിലവിൽ കരം അടയ്ക്കുന്നില്ല. ഇത് സംബന്ധിച്ച് കക്ഷിയുടെ അപേക്ഷയിന്മേൽ നടപടി നടന്നുവരുന്നുണ്ട്. |

| | |
|---|---|
| | പേരൂർക്കട വില്ലേജിലെ റീ സർവ്വെ നിലവിൽ വന്നത് 2006-ലാണ്. ആയതിന് മുമ്പ് സർവ്വെ നമ്പർ 1878-ൽ പ്പെട്ട പ്രസ്തുത സ്ഥലം പുറമ്പോക്ക് കാട് തരിശിൽപ്പെട്ടതിനാലാണ് പതിച്ചു നൽകിയിട്ടുള്ളത്. തിരുവനന്തപുരം താലൂക്കിൽ ലഭ്യമായ എൽഎ1/163/77 എൽ.എ2/8/93 , എൽ.എ1/488/94 എൽ.എ1/174/77 എൽ.എ2/45/94 ., എൽ.എ2/36/94<br><br>എൽ.എ. ഫയലുകൾ പരിശോധിച്ചതിൽ റീ സർവ്വെയ്ക്കു മുമ്പ് സർവ്വെ നം. 1878-ൽ പ്പെട്ട പുറമ്പോക്കു ഭൂമി തന്നെയാണ് പതിച്ചു നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഭൂമി കയ്യേറ്റം നടന്നിട്ടുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ